LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട്

190 (7489) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും പ്രാദേശിക വികസനത്തിന് നൽകുന്ന സംസ്ഥാന പദ്ധതിവിഹിതം അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കുമ്പോൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ലഭിച്ച പദ്ധതി വിഹിതത്തിൽ എത്ര ശതമാനം തുക ചെലവഴിച്ചുവെന്ന് തുക, തദ്ദേശസ്വയംഭരണ സ്ഥാപനം, ശതമാനം തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ധനകാര്യ കമ്മീഷനുകൾ നിർദ്ദേശിക്കുന്ന പൊതു മാനദണ്ഡങ്ങൾ അനുസരിച്ചാണ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വിഹിതം നൽകുന്നത്. ഇനിയും രൂപീകരിച്ചിട്ടില്ലാത്ത അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ പ്രസ്തുത മാനദണ്ഡങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുമ്പോഴെ നടപടി സ്വീകരിക്കാൻ കഴിയുമോ ഇല്ലെയോ എന്ന് പറയാൻ കഴിയൂ.

(ബി) കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

പഞ്ചായത്തുകളിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ

191 (7490) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിലാണ് മാലിന്യ സംസ്കരണ പ്ലാന്റുകൾ ഉള്ളത് ; ഇതിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചതെന്നും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതെന്നുമുള്ള വിവരം തരംതിരിച്ച് വ്യക്തമാക്കാമോ ; ഇവയ്ക്കുള്ള ഫണ്ട് എവിടെ നിന്നൊക്കെയാണ് ലഭ്യമാക്കിയത്;

(ബി) സാമ്പത്തിക ശേഷികുറഞ്ഞ ഗ്രാമപഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ ശുചിത്വമിഷൻ സാമ്പത്തിക സഹായം നൽകാറുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; എത്ര ശേഷിയുള്ള പ്ലാന്റുകളാണ് ഇവിടെ നിർമ്മിക്കുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മാലിന്യ സംസ്കരണ പ്ലാന്റ് പഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ; പത്തനംതിട്ട ജില്ലയിലെ പ്ലാന്റുകൾക്ക് അംഗീകാരം ലഭിച്ചില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിയന്തരമായി അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 56 ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകിയിട്ടുള്ളതിൽ 11 ഗ്രാമപഞ്ചായത്തുകളിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 45 പഞ്ചായത്തുകളിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതി നിർവ്വഹണം നടത്തുന്നത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളാണ്. പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച പഞ്ചായത്തുകളുടെയും നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന പഞ്ചായത്തുകളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.* ശുചിത്വമിഷനിൽ നിന്നും ക്ലീൻ കേരള മിഷനിൽ നിന്നും സാമ്പത്തിക സഹായം നൽകിവരുന്നു.

(ബി) ഖരമാലിന്യസംസ്കരണത്തിനായി പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്ന എല്ലാ പഞ്ചായത്തുകൾക്കും പദ്ധതികൾക്കനുസൃതമായി പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി നോക്കാതെ സാമ്പത്തിക സഹായവും സാങ്കേതിക സഹായവും ശുചിത്വമിഷൻ നൽകിവരുന്നുണ്ട്.

(സി) പഞ്ചായത്തുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ തോത് അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാനായി തയ്യാറായി മുന്നോട്ടുവരുന്ന ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ പ്ലാന്റുകൾക്ക് അംഗീകാരം ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നെന്മാറ മണ്ഡലത്തിലെ പഞ്ചായത്തുകളിലെ മാലിന്യസംസ്കരണം

192 (7491) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് മാലിന്യശേഖരം നടത്തുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യം സംസ്കരിക്കാൻ കഴിയാതെ കുമിഞ്ഞുകൂടി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ദുർഗന്ധവും പകർച്ചവ്യാധി ഭീഷണിയുമായി ഏതൊക്കെ പഞ്ചായത്തുകളിലാണ് മാലിന്യം കുമിഞ്ഞുകൂടി കിടക്കുന്നത് ;

(സി) മാലിന്യകൂനകൾ സംസ്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ; ഇതിനായി നിലവിൽ എന്തൊക്കെ സംവിധാനമാണ് ഉള്ളത് എന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly